**FRIDAY SERMON വെള്ളിയാഴ്ച ഖുത്തുബ**
**Hazrat Khalifathullah Munir Ahmad Azim (A)**
**20 January 2017 / 20 Rabi-'ul-Aakhir 1438 Hijira)**

## OATH OF ALLEGIANCE / ഭക്തി പ്രതിജ്ഞ

**സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ : അൽ ഫാതിഹ ഓതിയ ശേഷം ഭക്തി പ്രതിജ്ഞ എന്ന വിഷയത്തെക്കുറിച്ച് കേരളത്തിലെ മാത്രയിലെ നൂറുൽ ഇസ്ലാം മസ്ജിദിൽ തന്റെ ചരിത്രപ്രസിദ്ധമായ  വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.**

ഭക്തി പ്രതിജഞ് (ബൈഅത്ത്) ചെയ്ത് ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ പ്രവേശിച്ച കേരളത്തിലെയും, ലോകത്തിൽ മറ്റു പ്രദേശങ്ങളിലുള്ളവരോടും, ഉപദേശം നല്കുക എന്നത് എന്റെ ഉത്തരവാദിത്വമാണ്. എനിക്ക് മുൻപ് വന്ന ഹസ്രത് മസീഹ് മൗഊദ് മിർസാ ഗുലാം അഹ്മദ് (അ) പറഞ്ഞ അതേ കാര്യമാണ് എനിക്കും പറയുവാനുള്ളത് . അതായത് ഞാൻ സത്യവാനായ സേവകനും അല്ലാഹുവിന്റെ ദൂതനുമാകുന്നു. ഞാൻ ഹസ്രത് മുഹമ്മദ് (സ) യുടെയും ഹസ്രത് മസീഹ് മൗഊദ് (അ) യുടെയും അനുസരണയുള്ള അനുയായി ആകുന്നു. ഈ നൂറ്റാണ്ടിൽ, ഈ വിനീതനെ അല്ലാഹു (ത) ഹസ്രത് വാഗ്ദത്ത മസീഹ് ഖിർസാഗുലാം അഹ്മാദ് (അ) ന്റെ ജോലി തുടരുന്നതിനായി, ഖലീഫത്തുല്ലാഹ് എന്ന നിലയിൽ എന്നെ നിയോഗിച്ചിരിക്കുകയാണ്. ആയതിനാൽ എന്റെ പ്രിയ അനുചരന്മാരെ ഇവിടെയും കേരളത്തിലെയും ലോകത്തിലെ മറ്റു ഭാഗങ്ങളിലുമുള്ള ഭക്തി പ്രതിജ്ഞ (ബൈഅത്ത്) ചെയ്ത്, ജമാ അത്തുസ്സഹീഹിൽ ഇസ്ലാമിൽ പ്രവേശിച്ചവരെ, ഞാൻ നിങ്ങളെ ഓർമ്മപ്പെടുത്തട്ടെ ! അതായത് തുടക്കമിടൽ തന്നെ നന്മയുടെ വിത്തുകൾ ഇടുന്നതുപോലെയാണ്. ഒരു തോട്ടക്കാരൻ പുതുതതായി നട്ട തന്റെ ചെടികൾ, ഞാറുകൾ സംരക്ഷിക്കുന്നില്ലെങ്കിൽ, വെള്ളമൊഴിക്കുന്നില്ലങ്കിൽ, അവന്റെ ചെടികൾ നഷ്ടപ്പെട്ടുപോകും.

അതുപോലെ സാത്താൻ എപ്പോഴും മനുഷ്യരോടൊപ്പമുണ്ട്, ആയതിനാൽ അവൻ ചെയ്യുന്ന നല്ല പ്രവർത്തികൾ സംരക്ഷിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നില്ലെങ്കിൽ, അതു നഷ്ടപ്പെട്ടുപോകും. എല്ലാ ജനങ്ങളും മുസ്ലിംകൾ ഉൾപ്പടെ, അവരുടെ മതത്തിന്റെ ഉത്തരവാദിത്വങ്ങൾ ചെയ്യുന്നു. എന്നാൽ അവർ ഒരു പുരോഗതിയും ആർജ്ജിക്കുന്നില്ല. കാരണം അവർ പുരോഗതിയെകുറിച്ച് ചിന്തിക്കുന്നില്ല, അവരുടെ പ്രവർത്തനമണ്ഡലം കൂടുതൽ നല്ല പ്രവർത്തനത്താൽ ശക്തിപ്പെടുന്നില്ല. അതുകൊണ്ട് തന്നെ അവരുടെ പ്രവർത്തനങ്ങൾ ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും മാത്രമായി. തല്ഫലമായി, ഒരാൾ മുസ്ലിം കുടുംബത്തിൽ ജനിച്ചാൽ, അവൻ കലിമ ഉച്ചരിക്കുവാൻ തുടങ്ങുന്നു. അഥവാ ശഹാദ അതായത് വിശ്വാസ പ്രഖ്യാപനം നടത്തുന്നു. ഇനി അവൻ ഒരു ഹിന്ദു കുടുംബത്തിൽ ജനിച്ചാൽ അവൻ റാം, കൃഷ്ണ എന്നീ സ്തുതി ഗാനങ്ങൾ ആരംഭിക്കുന്നു. നിങ്ങൾ മനസ്സിലാക്കണം. പശ്ചാത്താപ പ്രസ്താവന നടത്തിക്കൊണ്ട് ആരംഭം കുറിക്കുമ്പോൾ തന്നെ അതിൽ വളരെ വലിയ അനുഗ്രഹങ്ങൾക്ക് തുടക്കമായി. ഈ വാഗ്ദാനമനുസരിച്ച്, ഈ ലോകജീവിതത്തേക്കാൾ പരലോകജീവിതത്തിന് (ദീനികാര്യത്തിന്) പ്രാമുഖ്യം നല്കുമ്പോൾ, അവിടെ പുരോഗതി ഉണ്ടാകും. കാര്യം ഇങ്ങനെയൊക്കെ ആണെങ്കിലും, ഈ വാഗ്ദാന പൂർത്തീകരണം, അതായത് വിശ്വാസത്തിന് പ്രാമുഖ്യം കൊടുക്കുക എന്നത് തികച്ചും നിങ്ങളുടെ മാത്രം നിയന്ത്രണത്തിലുള്ള കാര്യമല്ല. ഇത് നേടുന്നതിന് ദൈവത്തിന്റെ സഹായം വളരെയധികം ആവശ്യമാണ്. **അല്ലാഹു (ത) വിശുദ്ധഖുർആനിൽ പ്രസ്താവിക്കുന്നു. നമ്മുടെ കാര്യത്തിൽ പരിശ്രമിക്കുന്നവരാരോ അവരെ തീർച്ചയായും നാം നമ്മുടെ മാർഗത്തിൽ നയിക്കുന്നതാണ്. അല്ലാഹു നിശ്ചയമായും സദ്വൃത്തരുടെ കൂടെയാകുന്നു 29 : 70**

അതായത് നമ്മുടെ മാർഗത്തിൽ കഠിനാധ്വാനം ചെയ്യുന്നവർ, അവർ ഒടുവിൽ നേർമാർഗത്തിൽ എത്തിചേരുന്നതാണ്. ഒരു ധാന്യമണിയുടെ ഉദാഹരണമെടുക്കാം, അത് ജലമില്ലാതെ ഒരിടത്തു കിടന്നാൽ, സംരക്ഷണമില്ലാതെ ഒരിടത്തു കിടന്നാൽ, അതിൽ നിന്ന് ഒരു ഫലവും ഉണ്ടാകുന്നതല്ല ; അത് നശിച്ചുപോകുന്നതുമാണ്.

നിങ്ങളുടെ കാര്യവും അങ്ങനെയല്ലേ, നിങ്ങൾ ദിവസവും നിങ്ങൾ ചെയ്ത വാഗ്ദാനം) സംബന്ധിച്ച് സ്വയം ഉണരുന്നില്ലെങ്കിൽ (വിശ്വാസത്തിന് പ്രാമുഖ്യം നല്കുമെന്ന വാഗ്ദാനം) പ്രാർത്ഥനയാൽ നിങ്ങൾ അല്ലാഹുവിനോട് സഹായത്തിനും അനുഗ്രഹത്തിനുമായി അപേക്ഷിക്കുന്നില്ലെങ്കിൽ എന്തു ഫലമാണ് നിങ്ങളിൽ നിന്നും പുറത്തു വരുന്നത്. ധാന്യമണി നശിച്ചു പോകുന്നത് കാണുന്നില്ലേ ? അല്ലാഹുവിന്റെ സഹായമില്ലാതെ മാറ്റം സാധ്യമല്ല. കള്ളന്മാരും, പരസ്ത്രീ സംഗമം നടത്തുന്നവരും, മറ്റുമോശ പ്രവർത്തിയിലേർപ്പെടുന്നവരും, എല്ലായ്പ്പോഴും ഒരേ അവസ്ഥയിൽ കഴിയുകയില്ല. അവരും ചില സമയങ്ങളിൽ അവരുടെ ആന്തരിക അവസ്ഥയെകുറിച്ച് ചിന്തിക്കുന്നവരാണ്. മോശ പ്രവർത്തി ചെയ്യുന്ന ഓരോ ആളിന്റെയും അവസ്ഥ ഇതാണ്. ഇത് എന്താണ് നമ്മെ പഠിപ്പിക്കുന്നത് ? ഓരോ മനുഷ്യനിലും നന്മ ചെയ്യണമെന്നുള്ള ആഗ്രഹം കിടപ്പുണ്ട്. എന്നാൽ അത് പ്രവർത്തിയിലേക്കെത്തുന്നില്ല. ഇത്തരം ആളുകൾക്ക് ദൈവത്തിന്റെ വളരെ വലിയ സഹായം ആവശ്യമാണ്. അതുകൊണ്ടാണ് ദിവസവും 5 നേരം പ്രാർത്ഥനയ്ക്ക് സൂറ : അൽ ഫാത്തിഹ ഓതുവാൻ കല്പിച്ചത്. അതിൽ പറയുന്നു **നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു ; നിന്നോട് മാത്രം ഞങ്ങൾ സഹായം അർത്ഥിക്കുന്നു.** (1 : 5) ഈ വചനം രണ്ട് കാര്യങ്ങളിലേക്ക് വിരൽ ചൂണ്ടുന്നു. ഓരോ നല്ല കാര്യവും ചെയ്യുന്നതിന്, ഒരുവൻ അവന്റെ എല്ലാ കഴിവുകളും പ്രയോജനപ്പെടുത്തണം ; എല്ലാ പ്രയത്നവും നടത്തണം ; അതിനായി നല്ല പദ്ധതി തയ്യാറാക്കണം (പ്രാർത്ഥയോടൊപ്പം) നഅ്ബുദു എന്ന വാക്കിൽ ഇതാണ് സൂചിപ്പിക്കുന്നത്. നഅ്ബുദു, ഞങ്ങൾ ആരാധിക്കുന്നു. ഒരാൾ പ്രാർത്ഥന വാക്കുകൾ ഒരുവിടുന്നു എന്നിരിക്കട്ടെ, എന്നിട്ട് തുടർന്ന് പ്രയത്നമൊന്നും ചെയ്യുന്നില്ല എന്നിരിക്കിട്ടെ അവന് ഒന്നും നേടുവാൻ കഴിയുകയില്ല. ഒരു കർഷകന്റെ ഉപമ എടുക്കാം അവൻ കൃഷിചെയ്ത ഞാറുകൾക്ക് ഒരു സംരക്ഷണവും നല്കുന്നില്ലെങ്കിൽ, തുടർന്ന് അതിൻ നിന്ന്, ഫലം ലഭ്യമാകുമെന്ന പ്രതീക്ഷ മൗഢ്യമാണ്.

ഇതാണ് ദൈവത്തിന്റെ നടപടി. ഒരു വിത്തിട്ടാൽ, അതു വളരുവാനായി പ്രാർത്ഥന മാത്രം ഒരുവിട്ടാൽ, അവന് ഫലം ലഭിക്കുന്നതല്ല. ഉദാഹരണത്തിന്, രണ്ട് കർഷക രുണ്ടെന്നിരിക്കട്ടെ ! ഒരാൾ കഠിനമായി അധ്വാനിക്കുന്നു. തന്റെ ഭൂമി ഉഴുത് നല്ല നിലയിൽ കൃഷി ചെയ്യുന്നു. അവൻ തീർച്ചയായും കൂടുതൽ വിജയിക്കുന്നതാണ്. മറ്റേ കർഷകൻ, അവൻ കഠിനമായി അധ്വാനിക്കുവാൻ തയ്യാറാകുന്നില്ല. അല്ലെങ്കിൽ അല്പം മാത്രം ചെയ്യുന്നു. അവന്റെ കൃഷി തോട്ടത്തിൽ വളരെ കുറച്ചു ഫലങ്ങൾ മാത്രമേ ലഭ്യമാകുന്നുള്ളു. അത് സർക്കാരിന് കൊടുക്കുവാനുള്ള ഭൂനികുതിക്ക് പോലും തികയുന്നുമില്ല. അവൻ എന്നും ദരിദ്രനായി നിലകൊള്ളുന്നതാണ്.

വിശ്വാസകാര്യത്തിലും ഇതാണ് അവസ്ഥ. വിശ്വാസികളുടെ ഇടയിൽ, കപടവിശ്വാ സികളും, ഒരു പ്രയോജനവും ഇല്ലാത്തവരും ഉണ്ട്. അതേ വിശ്വാസിസമൂഹത്തിൽ തന്നെ, നമുക്ക് സ്വാതികരായവരെ, പരിശുദ്ധരായവരെ, സൂഫിവര്യന്മാരെ, ദൈവദൃ ഷ്ടിയിൽ അത്തരം പദവിയിലുള്ളവരെയും കാണാവുന്നതാണ്. 40 വർഷത്തിൽ കൂടുതലായി നമസ്ക്കാരം നിർവ്വഹിക്കുന്ന ചിലരെയും കാണാം. എന്നിട്ടും ആദ്യദി നത്തിൽ നിന്നും ഇന്നുവരെയും എന്തു തന്നെ ആയാലും ഒരു മാറ്റവും വന്നിട്ടില്ലാ ത്തവർ ! 30 ദിവസത്തെ വ്യതാനുഷ്ഠാനത്തിലൂടെ യാതൊരു പ്രയോജനവും നേടാ ത്തവരാണവർ. ചിലർ പറയുന്നു അവർ സ്വാത്വികരായ ആളുകളാണെന്ന്, അവർ വളരെ നേരം പ്രാർത്ഥിക്കുന്നവരാണെന്നും പറയുന്നു. എന്നിട്ടും അല്ലാഹുവിൽ നിന്ന് എന്തെങ്കിലും സഹായം ലഭിച്ചതിനുള്ള ഒരടയാളവും അവരിലൂടെ കാണു ന്നില്ല. അതിന്റെ കാരണം അവർ പാരമ്പര്യമായി ചെയ്തിരുന്ന കാര്യങ്ങൾ ചെയ്യുന്നു എന്നു മാത്രം. ! അവർ പുരോഗതിയെ കുറിച്ച് ചിന്തിക്കുന്നവരല്ല. ആയതിനാൽ അവർ ആദ്യപടിയിൽ തന്നെ നില്ക്കുകയാണ്. അത്തരം ആളുകളുടെ അവസ്ഥ മൃഗങ്ങളുടെ അവസ്ഥയിൽ നിന്നു ഒട്ടും തന്നെ വ്യത്യസ്തമല്ല. അത്തരം ആളുക ളുടെ നമസ്ക്കാരം അവർക്ക് ദൈവത്തിൽ നിന്നും ശിക്ഷമാത്രമാണ് ഇറക്കിക്കൊ ടുക്കുന്നത്

യഥാർത്ഥ നമസ്ക്കാരം, അതിനോടൊപ്പം പുരോഗതി കൊണ്ടു വരുന്നതാണ്. ഒരു ഡോക്ടർ ചികിത്സിക്കുന്ന ഒരു രോഗിയുടെ രോഗം മാറുന്നുണ്ടോ അതോ രോഗം മൂർച്ഛിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതുപോലെയാണത്, കുറെ ദിവസങ്ങൾക്ക് ശേഷം രോഗിയുടെ രോഗം മാറുന്നില്ലെങ്കിൽ, ഡോക്ടർ പ്രസ്തുത മരുന്നു മാറ്റി പുതിയ മരുന്നു കൊടുക്കുന്നതാണ്. ഇതുപോലെ, പാരമ്പര്യമായ ആരാധന രീതി അവലംബിക്കുക എന്നത് അതിന്റെ യഥാർത്ഥ പ്രതിവിധി ആയിരിക്കില്ല. നമസ്ക്കാര നിർവ്വഹണത്തോടൊപ്പം നബികരീം (സ) യുടെ മേൽ സ്ഥലാത്ത് ചൊല്ലലും അഭി കാമ്യമാണ്. നിങ്ങളുടെ ഭാഷയിലും ചൊല്ലാവുന്നതാണ് . ഇപ്രകാരം നിങ്ങൾ ചെയ്യു ന്നില്ലെങ്കിൽ നിങ്ങൾക്ക് പുരോഗതി നേടുവാൻ സാധിക്കുകയില്ല. അല്ലാഹു (ത) യുടെ കല്പനയിൽപെട്ടതാണ് നമസ്കാരം നിർവ്വഹിക്കുമ്പോൾ നിങ്ങളുടെ ഹൃദ യവും, മനസ്സും, വിനയത്താലും, പ്രാർത്ഥനയാലും സമന്വയിക്കണം. മനഃസാന്നിദ്ധ്യം അല്ലാഹുവിന്റെ മുമ്പിൽ ഉണ്ടായിരിക്കണം. ഇപ്രകാരം മനഃസാന്നിദ്ധ്യത്തോടെ സമർപ്പിക്കുന്ന പ്രാർത്ഥനകൾ നിങ്ങളുടെ പാപങ്ങളെ തുടച്ചു നീക്കുന്നതാണ്.

ആയതിനാൽ, എന്റെ പ്രിയപ്പെട്ട അനുചരന്മാരെ ! നിങ്ങൾ സമ്പൂർണ്ണമായും പ്രാർത്ഥനയിൽ മുഴുകുക. അല്ലാഹുവിലുള്ള ഭക്തിപാരവശ്യത്താൽ ഇഴുകിചേരു ക. സർവ്വശക്തായ അല്ലാഹുവിന്റെ സ്നേഹവാത്സല്യങ്ങൾ നുകരുവാൻ ദൈവീക ജലാശയത്തിലേക്ക് നിങ്ങൾ ചാടി ഇറങ്ങേണ്ടതുണ്ട്. അല്ലാഹു (ത) അവനെ മാത്രം ആരാധിക്കുവാൻ നിങ്ങളോട് കല്പിക്കുന്നു. അവനോടൊപ്പം യാതൊരുതരത്തി ലുള്ള പങ്കുകാരെയും നിങ്ങൾ സങ്കല്പിക്കരുത്. ഞാനുദ്ദേശിക്കുന്നത് അല്ലാഹു വിന്റെ വഴിയിൽ നിങ്ങളുടെ മുൻപിൽ യാതൊന്നും തന്നെ ഉണ്ടാകരുത്. എപ്പോ ഴൊക്കെ അല്ലാഹു നിങ്ങളെ വിളിക്കുന്നുവോ, അപ്പോഴൊക്കെ അവനെകണ്ടു മുട്ടുന്നതിന് യാതൊരു തടസ്സവും ഉണ്ടായിരിക്കരുത്.

അല്ലാഹുവിനെ ദർശിക്കുന്നതിനുള്ള ഏറ്റവും സത്യസന്ധമായ വഴി പ്രാർത്ഥന തന്നെയാണ്. അല്ലാഹു (ത) നമുക്ക് 5 പ്രാവശ്യം ആ ദർശന സൗകര്യം ഒരുക്കിയിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ അല്ലാഹുവിനോട് വിശ്വസ്തത പുലർത്തുക. പ്രവാചകനെ അനുസരിക്കുക. ഈ നൂറ്റാണ്ടിലേക്ക് നിങ്ങൾക്കായി അവൻ നിയോഗിച്ചിരിക്കുന്ന ഖലീഫത്തുല്ലായെ പിന്തുടരുക. നിങ്ങൾ മോക്ഷപ്രാപ്തിയിലെത്തിച്ചേരും ! ഇൻശാ അല്ലാഹ് ! അല്ലാഹു (ത) നിങ്ങളെ എല്ലാവരെയും അനുഗ്രഹിക്കട്ടെ ! എന്റെ ഈ ഇൻഡ്യസന്ദർശനവേളയിൽ അവന്റെ അനുഗ്രഹങ്ങൾ ചൊരിയട്ടെ ! വിശിഷ്യ കേരളത്തിലെ ഈ മാത്രയിൽ ! അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ഈ നൂറ്റാണ്ടിൽ വലിയവലിയ സംരംഭങ്ങൾക്ക് അല്ലാഹു നിങ്ങളുടെ ഹൃദയങ്ങളിൽ ബോധനം നല്കട്ടെ ! ഭൂമിയിലെ നിങ്ങളുടെ അവസാന ശ്വാസം വരെയും അത് നിലനിർത്തി തരട്ടെ ! ഇൻശാ അല്ലാഹ് ! ആമീൻ.

**Translated by:**
**R. Jamaludin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph: 9447001832, 0475-2220223**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**